(സി) ഉണ്ട്.

(ഡി) സഹകരിക്കാത്ത റയിൽവേസ്റ്റേഷൻ മാസ്റ്റർമാരുടെ പേരിൽ വിൽപ്പനനികുതി നിയമപ്രകാരമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ബന്ധപ്പെട്ട റയിൽവേ അധികാരികളെ ഇക്കാര്യം ധരിപ്പിക്കുകയും സഹകരണം അഭ്യർത്ഥിക്കുകയും ചെയ്തിട്ടുണ്ട്.

(ഇ) നിലവിലുള്ള സംവിധാനമനുസരിച്ച് തന്നെ പരിശോധന നടത്തുന്നുണ്ട്.

(എഫ്) 82.38 ലക്ഷം രൂപ പിഴയിനത്തിൽ ഈടാക്കിയിട്ടുണ്ട്. പിടിച്ചെടുത്ത സാധനങ്ങളുടെ ഉടമസ്ഥരുടെ വാർഷികകണക്കുകൾ പരിശോധിക്കുമ്പോൾ മാത്രമേ യഥാർത്ഥ അധികവരുമാനം തിട്ടപ്പെടുത്താൻ കഴിയുകയുള്ളൂ.

കേന്ദ്ര സർക്കാരിന്റെ കയറ്റിറക്കുമതിനയം

28 (*88) ശ്രീ. ആനത്തലവട്ടം ആനന്ദൻ :
ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ :
ശ്രീ. എം. ദാസൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാരിന്റെ കയറ്റിറക്കുമതിനയം സംസ്ഥാനത്തെ കാർഷിക മേഖലയെ എപ്രകാരം ബാധിച്ചിട്ടുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ ഓരോ ഇനം കൃഷിക്കും കാർഷികോൽപ്പന്നങ്ങൾക്കും ഇറക്കുമതി നയംമൂലം ഉണ്ടായിട്ടുള്ള നേട്ടങ്ങൾ/കോട്ടങ്ങൾ വിശദമാക്കുമോ;

(സി) വൻതോതിൽ കാർഷികോൽപ്പന്നങ്ങൾ കേന്ദ്ര സർക്കാർ ഇറക്കുമതി ചെയ്യുന്നതുമൂലം കാർഷികോൽപ്പന്നങ്ങൾ കെട്ടിക്കിടക്കുകയും വിലതകർച്ച നേരിടുകയും ചെയ്യുന്നവിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇറക്കുമതി മൂലം സംസ്ഥാനത്തെ കാർഷിക മേഖല നേരിടുന്ന പ്രതിസന്ധിക്കു പരിഹാരം കാണാൻ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) :

(എ) ഉണ്ട്.

(ബി) ഉദാരവൽക്കരണത്തിന്റെ ഭാഗമായി കേന്ദ്രത്തിന്റെ ഇറക്കുമതി നയത്തിൽ ഉണ്ടായ മാറ്റങ്ങളാണ് സംസ്ഥാനത്തെ കാർഷിക ഉൽപ്പന്നങ്ങളുടെ രൂക്ഷമായ വിലയിടിവിന് കാരണമായത്. 2000 ഏപ്രിൽ 1 മുതൽ നടപ്പിലാക്കിയ എക്സിറ്റ് പോളിസി കാരണവും കേരളത്തിലെ ഡബ്ല്യു.റ്റി.ഒ. കരാറിലെ ദോഷകരമായ വ്യവസ്ഥകൾ കാരണവും കേരളത്തിലെ നാളികേരം, റബ്ബർ, അടയ്ക്കാ, കാപ്പി, തേയില, കുരുമുളക്, ഇഞ്ചി, ഏലം തുടങ്ങിയ നാണ്യവിളകളുടെ വിലയിൽ ഭീമമായ ഇടിവുണ്ടായിട്ടുണ്ട്.

(സി)&(ഡി) ഉണ്ട്. ഇക്കാര്യം ചൂണ്ടിക്കാണിച്ചുകൊണ്ട് കേന്ദ്ര കൃഷി മന്ത്രാലയം, വാണിജ്യ മന്ത്രാലയം, ധന മന്ത്രാലയം, ഭക്ഷ്യ ഉപഭോക്തൃ മന്ത്രാലയം എന്നിവയുടെ കാബിനറ്റ് മന്ത്രിമാർക്ക് നിവേദനങ്ങൾ സമർപ്പിക്കുകയും കേരളത്തിലുൽപ്പാദിപ്പിക്കുന്ന നാണ്യവിളകൾ വിദേശങ്ങളിൽനിന്നും ഇറക്കുമതി ചെയ്യരുതെന്നും ചെയ്യുകയാണെങ്കിൽ അവയുടെ കസ്റ്റംസ് തീരുവ ഡബ്ല്യു.റ്റി.ഒ. ബൗണ്ട് നിരക്കിനൊപ്പം പരമാവധി ഉയർത്തണമെന്ന് ആവശ്യ

LIBRARY ARCHIVES Kerala Legislative Assembly

പ്പെടുകയും ചെയ്തിട്ടുണ്ട്. 2000 സെപ്തംബർ 14ന് കേന്ദ്ര കൃഷി വകുപ്പുമന്ത്രി ഡൽഹിയിൽ വിളിച്ചുചേർത്ത സമ്മേളനത്തിലും കേരളത്തിന്റെ ആവശ്യങ്ങൾ ഉന്നയിക്കുകയുണ്ടായി. നാളികേരം, അടയ്ക്ക, കാപ്പി എന്നിവയ്ക്ക് താങ്ങു വില ഏർപ്പെടുത്തണമെന്നും റബറിന്റെ ബഞ്ചു മാർക്കുവില ഉയർത്തണ മെന്നും ഭക്ഷ്യഎണ്ണകളുടെ ഇറക്കുമതി തീരുവ 300 ശതമാനമായി വർദ്ധിപ്പി ക്കണമെന്നും പിണ്ണാക്ക്, തവിട് തുടങ്ങിയ എണ്ണ കലർന്ന പദാർത്ഥങ്ങളുടെ ഇറക്കുമതി തടയണമെന്നും അഭ്യർത്ഥിച്ചിട്ടുണ്ട്.

അബ്കാരി കേസുകൾ നടത്തുവാൻ പ്രത്യേക കോടതി

29 (*89) ശ്രീ. കെ. സുധാകരൻ :

ശ്രീ. എഴുകോൺ നാരായണൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അബ്കാരി കേസുകൾ നടത്തുവാൻ പ്രത്യേക കോടതികൾക്ക് രൂപം നൽകുവാൻ ഉദ്ദേശ്യമുണ്ടായിരുന്നുവോ;

(ബി) ഇത്തരം എത്ര കോടതികൾ രൂപീകരിക്കുവാനാണ് ഉദ്ദേശിക്കു ന്നത്;

(സി) ഇതുവരെ എത്ര പ്രത്യേക കോടതികൾ ഇതിനായി രൂപീക രിച്ചു;

(ഡി) ബാക്കി കോടതികൾ എന്നേയ്ക്ക് രൂപീകരിക്കും?

ധനകാര്യമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) :

(എ) അബ്കാരി കേസുകൾ കോടതികളിൽ കെട്ടിക്കിടക്കുന്നതിനാൽ പ്രത്യേക കോടതികൾ രൂപീകരിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്;

(ബി)-(ഡി) ഹൈക്കോടതിയിൽ നിന്നും നിർദ്ദേശങ്ങൾ ലഭിക്കുന്ന മുറയ്ക്ക് എവിടെയൊക്കെ പ്രത്യേക കോടതികൾ സ്ഥാപിക്കണമെന്ന കാര്യം തീരുമാനിക്കുന്നതാണ്.

കാർഷികോൽപ്പന്നങ്ങളുടെ അവധി വ്യാപാരത്തിനായി ദേശീയ ഉൽപ്പന്ന എക്സ്ചേഞ്ച്

30 (*90) ശ്രീ. വി.ജെ. പൗലോസ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ കാർഷികോൽപ്പന്നങ്ങളുടെ അവധി വ്യാപാരത്തിനായി ദേശീയ ഉൽപ്പന്ന എക്സ്ചേഞ്ച് ആരംഭിക്കുന്നതായി സർക്കാരിന്റെ ശ്രദ്ധ യിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത എക്സ്ചേഞ്ച് നിലവിൽ വരുമ്പോൾ കുരുമുളകിന്റെ അവധി വ്യാപാരം നടത്തുന്ന കൊച്ചിക്ക് അതിന്റെ സ്ഥാനം നഷ്ടപ്പെ ടാനിടയുണ്ടോ;

(സി) എങ്കിൽ ഇത് സംബന്ധിച്ച് സ്വീകരിച്ച നടപടികളെന്തെല്ലാം; വിശദവിവരം വ്യക്തമാക്കുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) :

(എ) ഉണ്ട്. വിശദാംശങ്ങൾ പൂർണ്ണമായി ലഭിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly